# ജി.എച്ച്.എസ്.എസ് കാരക്കുന്ന്

**കാരക്കുന്ന് പി.ഒ., 676123, മലപ്പുറം ജില്ല**





# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

## ആമുഖം

മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ മഞ്ചേരി ഉപജില്ലയിലെ സ്കൂളാണ് ജി.എച്ച്.എസ്.എസ് കാരക്കുന്ന്.തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കണ്ടറി സ്കൂളാണിത്. പ്രദേശത്തിന്റെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കുന്നത് 1974 മാണ്. നാടിനു ഹൈസ്കൂൾ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവുണ്ടായെങ്കിലും ഹൈസ്കൂൾ യാഥാർഥ്യമാകുന്നതിനു വേണ്ട യാതൊരു വിധ ഭൗതികസാഹചര്യങ്ങളും അന്നുണ്ടായിരുന്നില്ല. എട്ടാം ക്ലാസ് മാത്രമായി കാരക്കുന്ന് എ യു പി സ്കൂൾ കെട്ടിടത്തിലാണ് 1974 സെപ്തംബർ 2 ന് ക്ലാസ്സുകൾ ആരംഭിച്ചത്. സ്കൂളുൻറെ ഹെഡ്മാസ്റ്റർ ചുമതല വി. കുഞ്ഞിമൊയ്തീൻ കുട്ടി ഏറ്റെടുത്തു. ശേഷം ഉമ്മർ ടി.പി. ആയിരുന്നു ആദ്യ പ്രധാനദ്ധ്യാപകൻ. നാട്ടുകാരും പ്രദേശത്തെ യുവജന ക്ലബ്ബുകാരും പണം സ്വരൂപിച്ച് 2.85 ഏക്കർ സ്ഥലം വാങ്ങി സംഭാവനയായി സർക്കാറിലേക്ക് നൽകിയതോടെയാണ് ഇന്നത്തെ സ്ഥലത്ത് സ്കൂൾ സ്ഥാപിക്കാനായത്. പിന്നീട് 15 സെന്റ് കൂടി ചേർത്ത് മൂന്നേക്കർ തികക്കുകയായിരുന്നു. 1981 ൽ വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി. ഉയർന്ന വിദ്യാഭ്യാസത്തിലൂടെ സാംസ്കാരിക പ്രബുദ്ധത കൈവരിക്കാൻ മുൻഗാമികൾ കാണിച്ച ദീർഘദർശനത്തിന്റെ നിദാനമാണ് ഈ മഹദ് വിദ്യാലയം.

## ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂൾ വിഭാഗങ്ങളിലെ മുഴുവൻ ക്ലാസ്സ് മുറികളും ഹൈടെക്കാണ്.അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. 6 കെട്ടിടങ്ങളിലായി 43 ക്ലാസ് മുറികളും അതി വിശാലമായ കമ്പ്യൂട്ടർ ലാബുമുണ്ട്.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകളും ടോയ്‌ലറ്റുകളും. കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കാനായി സ്കൂളിന്റെ പരിസര പ്രദേശത്തേയ്ക്ക് ബസ്സ് സർവ്വീസ് നടത്തുന്നു. ആധുനികമായ പാചകപ്പുര. പെൺകുട്ടികളുടെ മൂത്രപ്പുരയിൽ നാപ്കിൻ ഡിസ്ട്രോയർ സൗകര്യം.

# പാഠ്യേതര പ്രവർത്തനങ്ങൾ

ലിറ്റിൽകൈറ്റ്സ്

ഗ്രന്ഥശാല

ജൂനിയർ റെഡ് ക്രോസ്

വിദ്യാരംഗം

സോഷ്യൽ സയൻസ് ക്ലബ്ബ്

സയൻസ് ക്ലബ്ബ്

ഗണിത ക്ലബ്ബ്

പരിസ്ഥിതി ക്ലബ്ബ്

ആർട്സ് ക്ലബ്ബ്

സ്പോർട്സ് ക്ലബ്ബ്

ടൂറിസം ക്ലബ്ബ്

ആനിമൽ ക്ലബ്ബ്

ഫിലിം ക്ലബ്ബ്

കൗൺസിലിങ്ങ് സെൻറർ

## പ്രധാന കാൽവെപ്പ്

ലൈബ്രറി :

ഗവൺമെന്റ് അനുവദിച്ച ഏഴുലക്ഷം രൂപയുടെ പുസ്തകങ്ങൾ കൊണ്ട് സമ്പന്നമായ ലൈബ്രറി 21.01.2010 ൽ ഉദ്ഘാടനം ചെയ്തു. പ്രദേശത്തെ സുമനസ്സുകളായ നിരവധി വ്യക്തികൾലൈബ്രറിയ്ക്ക് ആവശ്യമായ ഫർണിച്ചറുകളും അലമാരകളും സംഭാവന നൽകി. ലൈബ്രറിയോടനുബന്ധിച്ച് വായന മുറിയുമുണ്ട്.

കൂടുതലായി കഴിഞ്ഞ വർഷം 2,78,000 രൂപയുടെ പുസ്തങ്ങൾ സർക്കാർ ഫണ്ടിൽനിന്നും "വായനയുടെ വസന്തം" പദ്ധതിയുടെ ഭാഗമായി പുസ്തങ്ങൾ ലഭ്യമായി.SSK യുടെ ലൈബ്രറി ഗ്രാൻറ് 10,000 രൂപയുടെ പുസ്തങ്ങൾ കൂടി ഉൾപ്പെടുത്തി.

## മൾട്ടിമീഡിയ ക്ലാസ് റൂം :

ഹൈസ്കൂൾ അധ്യാപകർ സംഭാവനയായി നൽകിയ വൈറ്റ് ബോർഡ് സംവിധാനത്തോടെ പ്രവർത്തിക്കുന്നു.സന്നദ്ധ സംഘടനകൾ 50 കസേരകൾ സംഭാവന നൽകി.

## ഭരണ നിർവ്വഹണം:

മലപ്പുറം ജില്ലാ പഞ്ചായത്ത്

## വഴികാട്ടി

മഞ്ചേരി നിന്ന് എടവണ്ണ ഭാഗത്തേക്ക് സംസ്ഥാന പാതയിൽ 5 കി.മീ ദൂരയാണ്.തച്ചുണ്ണിയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ-വാണിയമ്പലം,ഷൊർണ്ണൂർ,തിരൂർ.ഏറ്റവും അടുത്ത വിമാന താവളം-കരിപ്പൂർ.

## പരീക്ഷ മാർഗദർശന ക്ളാസ്:

പരീക്ഷ സംബന്ധമായ ഭയങ്ങളും ആകുലതകളും മുതിർന്നവരും അധ്യാപകരുമായി പങ്കുവെക്കന്നതിന് സമയം കണ്ടെത്തണം . ജീവിതത്തിലെ പല പ്രധാനപ്പെട്ട കാര്യങ്ങളിലെ ഒരു കാര്യം മാത്രമാണ് പരീക്ഷ.കണ്ടമാനം ഉറക്കം കളഞ്ഞുകൊണ്ടള്ള പഠിത്തം ഒഴിവാക്കേണ്ടതാണ്.പരീക്ഷ മാർഗദർ ശനക്ലാസ്സൽകു പിന്തുണ നല്ലതാണ്.

## വിവിധതരം ക്ലബ് പ്രവർത്തനങ്ങൾ -ഒറ്റനോട്ടത്തിൽ

കാരക്കുന്ന് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം വളരെ വിപുലമായ രീതിയിൽ നടന്നു. നമ്മളുടെ സ്കൂളിലെ മുൻ അധ്യാപികയും ഇപ്പോൾ കരുവമ്പ്രം സ്കൂളിലെ പ്രധാന അധ്യാപികയുമായ വത്സല ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രശാന്ത് മങ്ങാട്ടിന്റെ നേതൃത്വത്തിലുള്ള നാടൻ പാട്ട് കലാകാരന്മാരുടെ ടീം നാടൻ പാട്ട് അവതരിപ്പിച്ചു. കുട്ടികൾ വളരെ ആവേശത്തോടുകൂടിയാണ് ഈ പരിപാടി ആസ്വദിച്ചത്.

## വിദ്യാരംഗം

വിദ്യാർത്ഥികളിൽ വായനശീലം വളർത്തുന്നതിനും കലാ സാഹിത്യ ശിക്ഷണം ലക്ഷ്യമാക്കിയും സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൂട്ടായ്മയാണ് വിദ്യാരംഗം കലാ സാഹിത്യവേദി. പുതിയ പാഠ്യ പദ്ധതി അനുസരിച്ച് ഇത്തരം പ്രവർത്തനങ്ങളുടെ പ്രസക്തി വളരെ വലുതാണ്. സാഹിത്യ ശിൽപ്പശാല, നാടൻ പാട്ട് ശിൽപ്പശാല, നാടക കളരി എന്നിവ വിദ്യാരംഗത്തിന്റെ കീഴിൽ നടത്തി വരുന്നു. ഉപജില്ലാ വിദ്യാരംഗം സാഹിത്യോത്സവത്തിന്റെ ചാമ്പ്യൻഷിപ്പ് നാശിതു വരെ ജി.എച്ച്.എസ്.എസ്. കാരക്കുന്ന് കൈവിട്ടില്ല, മഞ്ചേരി ആകാശവാണിയിൽ പലപ്പോഴായി കലാവിരുന്നൊരുക്കി പ്രശംസ നേടിയിട്ടുണ്ട്.

## സ്പോർടസ് ക്ലബ്

സബ്ജില്ല , ജില്ല, സംസ്ഥാന കായിക മേളകളിൽ മികച്ച വിജയമാണ് സ്കൂൾ സ്പോർടസ് ക്ലബ് കൈവരിച്ച വരുന്നത്.തുടർച്ചയായി അഞ്ച് തവണ മഞ്ചേരി സബ്ജില്ലാ കായിക മേളയിൽ ഫുട്ബാളിലും, ഹാന്റ്ബാളിലും കിരീടം നിലനിർത്താൻ സാധിച്ചു. അവധിക്കാലത്ത് വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ്, നീന്തൽ എന്നിവയിൽ പരിശീലനം നൽകുന്നു.

## ടൂറിസം ക്ലബ്

പഠനയാത്രകൾ ഒഴിവാക്കി പൂർണ്ണമായ അറിവ്  നേടുക അസാദ്ധ്യം.

## സയൻസ് ക്ലബ്

കുട്ടികളിൽ ശാസ്ത്ര ബോധവും നിരീക്ഷണ പരീക്ഷണ ശേഷിയും വളർത്തിയെടുക്കുക എന്ന ത്തോടെ സയൻസ് ക്ലബ് പ്രവർത്തിച്ച വരുന്നു. വർഷങ്ങളായി ശാസിയ മല്ലകളിൽ ഉപജില്ലാ ചാമ്പ്യൻഷിപ്പം, ജില്ല, സംസ്ഥാന മേളകളിൽ മികച്ചപ്രകടനവും കാഴ്ചവയ്ക്കാൻ കഴിഞ്ഞു.

## ഗണിതക്ലബ്

ഗണിത ശാസ്ത്ര പഠനത്തിലൂടെ യുക്തിചിന്തയും ഗണിത താത്പര്യവും വളർത്തുവാൻ ഗണിത ക്ലബ് സഹായിക്കുന്നു. തുടർച്ചയായി ഉപജില്ലാ ഗണിതശാസ്ത്രമേളകളിൽ ഉയർന്ന പോയിന്റുകളും ,ജില്ലാ ഗണിതശാസ്ത്ര മേളകളിൽ വിവിധ ഇനങ്ങളിൽ A ഗ്രേഡോടെയുള്ള വിജയവും കൈവരിക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.

## സാമൂഹ്യശാസ്ത്ര ക്ലബ്ബ്

സാമൂഹിക അവബോധം വളർത്തുവാൻ സഹായിക്കുന്ന നിരവധി പ്രവർത്തനങ്ങൾ ഓരോ വർഷവും സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെയ്തു വരുന്നു. ഒരു സാമൂഹിക ജീവിയായ മനുഷ്യന് സമൂഹവുമായി ബന്ധപ്പെട്ട അനേകം പ്രശ്നങ്ങളിൽ ഇടപെടാനും അവയുടെ

കാരണങ്ങൾ അന്വേഷിക്കാനും വിവരശേഖരണം നടത്താനും നിഗമനങ്ങളിൽ എത്താനും ക്ലബ്ബ് പ്രവർത്തനങ്ങൾ ലക്ഷ്യം വെക്കുന്നു. ക്ലബ്ബ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് സംഘബോധം, മതനിരപേക്ഷ ചിന്ത സഹിഷ്ണുതാ മനോഭാവം, പ്രതികരണശേഷി, ജനാധിപത്യബോധം തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കാനും സാധിക്കുന്നു.

## പബ്ലിക് റിലേഷൻ ക്ലബ്

പബ്ലിക് റിലേഷൻ പ്ലസ് ലത്തിൽ സീമായി പ്രവർത്തിച്ചു വരുന്നു. എന വർഷവും കുട്ടികളുടെ മികച്ച രചനകൾ ശപ്പെടുത്തിക്കൊണ്ട് ചിത്ര പ്രദർശനം, പ്രതികാരമായി പങ്കെടുപ്പിച്ചു കൊണ്ട് ശിവപ്പശാല എന്നിവ സംഘടിപ്പിക്കാറുണ്ട്. പൻസിൽ ഡ്രോയിംഗ്, വാട്ടർ കയ്യറിങ്ങ്, എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ പരിശീലനം നൽകുന്നു. ഓയിൽ പെയിന്റിങ്ങ്, കാർട്ടൂണിങ്ങ്, കായിക മേല്ലകൾ നടത്തുന്നതും ഈ ക്ലബ് പ്രവർത്തകർ തന്നെയാണ്.

## അനിമൽ ക്ലബ്

സഹജീവികളോട് കരുണയുണ്ടാവുക, അവ ഒരോന്നിന്റേയും പ്രത്യകതകളും ആവാസ വ്യവസ്ഥയും മനസ്സിലാക്കുക. വളർത്തു മൃഗങ്ങളേയും, പക്ഷികളേയും പരിപാലിക്കുക എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് അനിമൽ ക്ലബ് പ്രവർത്തിക്കുന്നത്.

## ഫിലിം സൊസൈറ്റി

കുട്ടികൾ മലയാളത്തിലേയും അന്യ ഭാഷകളിലേയും ക്ലാസിക്ക് സിനിമ വിവിധ വിഷയങ്ങളി ഡോക്യുമെന്ററികൾ എന്നിവ കാണാം, സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന പ്രശ്നമായി സംവദിക്കുക. വിവിധ ശില്പശാലകളിൽ പങ്കെടുക്കുക. എന്നിവയ്ക്ക് ഫിലിം സൊസൈറ്റി അവസാന.എല്ലാ വർഷം സൊസൈറ്റി ഫിലിം ഫെസ്റ്റിവെല്ലുകളും, ഒപ്പൺ ഫോറവും സംഘടിപ്പിക്കുന്നു.

## Junior Red Cross

June5 ലോകപരിസ്ഥിതി ദിനം ആചാരിച്ചു-പോസ്റ്റർ നിർമ്മാണം, ക്ലീനിങ്

ജൂൺ 26-അന്തവരാഷ്ട്ര മയക്കുമരുന്ന് ദിനം-പോസ്റ്റർ, റാലി

ആഗസ്റ്റ് 6,8-ഹിരോഷിമ, നാഗാസാക്കി ദിനം

യുദ്ധവിരുദ്ധ ചിത്ര പ്രദർശനം, No war സന്ദേശം നൽകി കുട്ടികൾ തന്നെ പോസ്റ്റർ ആയിനിന്ന്

Aug15 സ്വാതന്ത്ര്യ ദിനം ആചരിച്ചു

Oct 30 ഹെന്റി ഡ്യൂനാന്റ ന്റെ ചരമദിനം ക്വിസ് നടത്തി

Dece 1 ലോക എയ്ഡ്സ് ദിനം -ബോധവൽക്കരണം, posters

Jan 1-പാലിയേറ്റീവ് കെയർ ദിനം

ക്യാഷ് (Rs 31400/) collect ചെയ്ത് karakunnu പാലിയേറ്റിവിന് കൈമാറി

പ്രളയത്തിൽ ചൂരൽമലയിലേക്ക് 2 കുട്ടികൾക്ക് സ്കൂൾ കിറ്റ് വിതരണം ചെയ്തു

## Work Intagrated Education Club

2024-25 ശാസ്ത്രമേളയിൽ സബ് ജില്ലാതലത്തിൽ പ്രവർത്തിപരിചയമേളയിൽ ഓവറോൾ ഒന്നാം സ്ഥാനം നേടി. ജില്ലാതലപ്രവർത്തിപരിചയ മേളയിൽ ഒന്നാം സ്ഥാനം നേടി. സംസ്ഥാനതല പ്രവർത്തിപരിചയമേളയിൽ Beeds work ഇൽ ഒന്നാംസ്ഥാനവും, Book binding ഇൽ രണ്ടാം സ്ഥാനവും, Stuffed toys ഇൽ അഞ്ചാം സ്ഥാനവും, Card and straw board ഇൽ പന്ത്രണ്ടാം സ്ഥാനവും നേടി ഉന്നത വിജയം കൈവരിച്ചു.

# ലിറ്റിൽ കൈറ്റ്സ്  പ്രവർത്തന പദ്ധതി

ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്,അനിമേഷൻ, സൈബർ സുരക്ഷ,മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-ഗവേണൻസ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ് 'പദ്ധതി. ഈ കുട്ടികൾക്കായി പരിശീലനങ്ങൾക്ക് പുറമെ വിദഗ്ധരുടെ ക്ലാസുകൾ, ക്യാമ്പുകൾ,ഇൻഡസ്ട്രി വിസിറ്റുകൾ എന്നിവ സംഘടിപ്പിക്കും.,

സ്കൂളുകളിലെ ഹാർഡ്‌വെയർ പരിപാലനം,രക്ഷാകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം,പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകൽ, വിക്കിപീഡിയയിലേക്കുള്ള ഉള്ളടക്ക നിർമ്മാണം, സ്കൂൾതല വെബ് ടിവികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ലിറ്റിൽ

കൈറ്റ്സ് സംഘടിപ്പിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നത്.

# ATL GHSS KARAKUNNU

2019 ഫെബ്രുവരി മാസത്തിലാണ്ഉദ്ഘാടനംകഴിഞ്ഞ് എടിഎൽ പ്രവർത്തനക്ഷമമായത്.
30 വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യത്തോടു കൂടിയ എടിഎൽ ആണ് നമുക്കുളത്.



**REPORT**

എല്ലാവർഷവും എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ബേസിക് ഇലക്ട്രോണിക്ക് ട്രെയിനിങ് നൽകുന്നു. അതിനുശേഷം അവർ സ്വന്തമായി പ്രോജക്ട്കൾ തയ്യാറാക്കി സബ്മിറ്റ് ചെയ്യുന്നു. കഴിഞ്ഞവർഷം 10 പ്രോജക്ട്കൾ എ.ടി.എൽ മാരത്തോണിന് സബ്മിറ്റ് ചെയ്യുകയുണ്ടായി. അതിൽ ഒരു പ്രോജക്റ്റ് ഓൾ ഇന്ത്യ തലത്തിൽ മാരത്തോണിന് തിരഞ്ഞെടുക്കപ്പെട്ടു.ഇൻസ്പെയർ അവാർഡിലേക്കായി അഞ്ച് പ്രോജക്ട്കൾ റെഡിയാക്കി. ഈ കഴിഞ്ഞവർഷവും തൊട്ടുമുന്നത്തെ വർഷവും ഓരോ  വിദ്യാർത്ഥികൾക്ക് വീതം ഇൻസ്പെയർ അവാർഡ് ലഭിച്ചു.
2020 ലും നമ്മുടെ ഒരു വിദ്യാർത്ഥിക്ക് ഇൻസ്പെയർ അവാർഡ് ലഭിച്ചിട്ടുണ്ട്.
**2024 -25 വർഷം  ഇന്നവേഷൻ ഫെസ്റ്റിൽ കേരളത്തിലെ 89 ATL കളിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന എടിഎൽ എന്ന അംഗീകാരം ജിഎച്ച്എസ്എസ് കാരക്കുന്നിന് ലഭിക്കുകയുണ്ടായി.**



## ROBO VER 0.1

2023 -24 വർഷം നമ്മുടെ സ്കൂളിൽ രൂപകൽപ്പന ചെയ്യപ്പെട്ട റോബോ വെർ വൺ എന്ന റോബോട്ട് ജനശ്രദ്ധ ആകർഷിച്ച പത്രമാധ്യമങ്ങളിൽ എല്ലാം വിശദമായ ന്യൂസ് വന്നു. ജില്ലാ വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം അനുമോദിക്കുകയുണ്ടായി.

## WORKSHOPS FOR OTHER SCHOOL STUDENTS

എല്ലാവർഷവും അടുത്തുള്ള യുപി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേകം വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാറുണ്ട്. കമ്മ്യൂണിറ്റി ഡേ സെലിബ്രേഷനുമായി ബന്ധപ്പെട്ടു അല്ലാതെയും വർഷോപ്പുകൾ സംഘടിപ്പിക്കാറുണ്ട്. കാരക്കുന്ന് എയുപി സ്കൂൾ ജി യു പി സ്കൂൾ പത്തപ്പിരിയം മാനവേദൻ യുപി സ്കൂൾ തൃക്കലങ്ങോട്, പന്തല്ലൂർ ഹൈസ്കൂൾ എടവണ്ണ ഓറിയന്റൽ സ്കൂൾ ചെങ്ങര യുപി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പലതവണകളിലായി ഇവിടെ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. 2025 ഏപ്രിൽ മാസത്തിൽ ഇത്തരത്തിലുള്ള രണ്ട് വർഷോപ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.സമൂഹത്തിലെ കമ്മ്യൂണിറ്റി സ്റ്റുഡൻസിനു വേണ്ടിയും നാം വർക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## DIY WORKSHOPS

DIY വർഷോപ്പിൽ കുട്ടികളെ എൽഇഡി ബൾബ് നിർമിക്കാനുള്ള പരിശീലനവും നൽകിയിട്ടുണ്ട്.എടിഎൽ School of the month മൂന്നുതവണ GHSS കാരക്കുന്നിന് ലഭിച്ചു. 2025 ഏപ്രിലിലെ സ്കൂൾ ഓഫ് ദി മന്തും ജിഎച്ച്എസ്എസ് കാരക്കുന്നിന് ലഭിച്ചു.വളരെ നല്ലരീതിയിൽപ്രവർത്തിക്കുന്ന എടിഎൽ കൾക്ക് നൽകിവരുന്ന സർട്ടിഫിക്കറ്റാണ് **School of the month.**




## CYBER SMART CERTIFICATE

സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൈബർ ലിട്രസി നൽകിയതിന്റെ അടിസ്ഥാനത്തിൽ Atal Innovation Mission ജിഎച്ച്എസ്.എസ് കാരക്കുന്നിന് സൈബർ സ്മാർട്ട് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

സ്കൂളിൽ തന്നെ നിർമ്മിച്ചടുത്ത റോബോട്ട് ആണ് സ്കൂളിലെ പ്രയറും ദേശീയഗാനവും സ്കൂൾ ബെല്ലും കൈകാര്യം ചെയ്യുന്നത്. അടുത്തുള്ള സ്കൂൾ ആയ എ യു പി സ്കൂളിൽ ഇതേ സംവിധാനം നമ്മുടെ എടിഎൽ ഒരുക്കി കൊടുത്തു.

റോബോ വെർ 2 എന്ന റോബോട്ട് പണിപ്പുരയിലാണ്. ഇനിയും ഇത്തരത്തിലുള്ള ഒട്ടനവധി നേട്ടങ്ങൾ കരസ്ഥമാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ നമ്മെ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു. Robokids എന്ന കമ്പനിയെ ആണ് വെൻഡേഴ്സ് ആയി തിരഞ്ഞെടുത്തത് ബിരുദമുള്ള മെൻ്റർമാരാണ് പ്രാകിക്കൽ സെക്ഷൻ വളരെനല്ല രീതിയിൽ ,ബേസിക് ഇലക്ട്രോണിക്സ്(റോബോട്ടിക്സ്, പ്രോഗ്രാമിംഗ് ) തുടങ്ങിയവ കൈകാര്യം ചെയ്യുന്നത്.





നൂറുകണക്കിന് അത്യാധുനിക സെൻസറുകളോടുകൂടിയ,ഒരു എൻജിനീയറിങ് കോളേജിനോട് കിടപിടിക്കാവുന്ന വളരെ സജ്ജീകരണങ്ങളോടു കൂടിയ ഒരു അഡൾട്ടിങ്കറിംഗ് ലാബ് സ്വന്തമായി ലഭിച്ച തുകൊണ്ടും വിദ്യാർത്ഥികളുടെയും, അധ്യാപകരുടെയും മെൻ്റർമാരുടെയും കൂട്ടായ പ്രയത്നത്തിന്റെറയും ഫലമായി ഇനിയും ഇത്തരത്തിലുള്ള ഒട്ടനവധി നേട്ടങ്ങൾ കരസ്ഥമാക്കാനും മാതൃകയാവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**********

# School Details

| Total No. of Students | Total No. of Teaching Staffs | Total No. of Non Teaching Staffs |
|---|---|---|
| 1139 | 45 | 6 |

## S S L C പരീക്ഷകളിൽ മികച്ച വിജയം

| | Strength | Result% | Full A+ | 9 A+ |
|---|---|---|---|---|
| 2017-18 | 380 | 96.36 | 26 | 26 |
| 2018-19 | 415 | 98.8 | 31 | 31 |
| 2019-20 | 391 | 98.5 | 30 | 17 |
| 2020-21 | 410 | 99.76 | 112 | 43 |
| 2021-22 | 416 | 100 | 36 | 36 |
| 2022-23 | 402 | 100 | 26 | 36 |
| 2023-24 | 379 | 100 | 67 | 26 |
| 2024-25 | 382 | 99.7 | 54 | 25 |
| | | After Say result 100% | | |

# N M M S കിട്ടിയ കുട്ടികൾ

| | |
|---|---|
| 2017-18 | 10 |
| 2018-19 | 8 |
| 2019-20 | 4 |
| 2020-21 | 9 |
| 2021-22 | 9 |
| 2022-23 | 10 |
| 2023-24 | 6 |
| 2024-25 | 7 |

# അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ക്രോഡീകരണം

2025-26 വർഷത്തെ അദ്ധ്യയന വർഷത്തിൽ കുട്ടികളുടെ സമഗ്രഗുണമേന്മ പഠനം ലക്ഷ്യമിട്ടുകൊണ്ട് സ്ക്കൂളിൽ നടത്താൻ ഉദ്ദേശിക്കുന്ന അക്കാദമികപ്രവർത്തനങ്ങളുടെ ക്രോഡീകരണം താഴെ കൊടുക്കുന്നു.

പദ്ധതികൾ ആസൂത്രണം ചെയ്തപ്പോൾ കോവിഡ് മഹാമാരികാലത്ത് വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കാനുതകുന്ന പഠനപ്രവർത്തനങ്ങൾക്കാണ് കൂടുതൽ ഊന്നൽ നല്കിയത്.അതോടപ്പം തന്നെ കുട്ടികളിൽ ഉളവാകേണ്ട മൂല്യബോധം വികസിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികൾ കൂടി ഉൾപ്പെടുത്തിട്ടുണ്ട്.

ഭാഷാവിഷയങ്ങളിൽ ഭാഷ വായിക്കുവാനും എഴുതുവാനുമുള്ള ശേഷികൾ വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.അതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലൂടെ സ്കൂളിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാക്കുവാനും പ്രബുദ്ധരാക്കുവാനും ഉതകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ സ്കൂളിലെ മൊത്തം കുട്ടികളെയും സ്വതന്ത്രമായി കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരായി മാറ്റിയെടുക്കാം എന്ന ഉറച്ച പ്രതീക്ഷയുണ്ട്.എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യഗാർഢ്യത്തോടെ, സാങ്കേതികവിദ്യയുടെ സഹായത്തോടെ പങ്കാളിത്തം ഉറപ്പാക്കണമെന്നുണ്ട്.

# വാർഷിക പ്രവർത്തനളുടെ ക്രോഡീകരണ റിപ്പോർട്ട്

ജൂൺ

ജൈവ വൈവിധ്യോദ്യാനം

ബേസ് ലൈൻ ടെസ്റ്റ് – എല്ലോ വിഷയങ്ങളും

ഫിസിക്കൽ ടെസ്റ്റ്

ഭാഷാടിസ്ഥാനത്തിൽ അസംബ്ലി (ജൂൺ മുതൽ ഫെബ്രുവരി വരെ)

ജൂലൈ

ക്ലാസ് തലത്തിലുള്ള ഗണിത മാഗസിൻ നിർമ്മാണം

ലഹരി വിരുദ്ധ റാലി

കുട്ടികളുടെ പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പാക്കേജുകൾ തയ്യാറാക്കുക

സുംബ

ആഗസ്റ്റ്

സെമിനാറുകൾ

ക്ലാസ് തല മാഗസിൻ ഭാഷ

ശിൽപ്പശാല

സ്വാതന്ത്ര സമര സേനാനികളെ ആദരിക്കൽ

ഫുഡ് ബോൾ കോച്ചിംഗ്

സെപ്റ്റംബർ

കുട്ടികൾ അധ്യാപകരാകൽ

പൂർവ്വ അധ്യാപകരെ ആദരിക്കൽ

ഭാഷാടിസ്ഥാനത്തിൽ ശിൽപശാലകൾ

ഫിലിം ഫെസ്റ്റവൽ –ഉറുദു

രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്

യോഗവബോധം

ഒക്ടോബർ

ഫിലിം ഫെസ്റ്റ് വൽ –ഹിന്ദി

പ്രസന്റേഷൻ തയ്യാറാക്കൽ മത്സരം ഐ .ടി

ദേശീയ പക്ഷി നിരീക്ഷണം –ബയോളജി

നവംബർ

ഗ്ലോബ് , അറ്റ്ലസ് നിർമ്മാണം

ശില്പശാല – GEOMETRICAL FIGURES

പുസ്തകാവലോകനം

ഫിലിം പ്രദർശനം

ഡിസംബർ

പ്രസംഗ പരിശീലന കളരി

അന്താരാഷ്ട്ര അറബി ദിനാചരണം

സി. ഡി നിർമ്മാണം, ഗ്രീറ്റിംഗ് കാർഡ്, ബാഡ്ജ് എന്നിവയുടെ നിർമ്മാണം

ജനുവരി

ഊർജ്ജോപയോഗവും സംരക്ഷണവും - സെമിനാർ

ഷോട്ട് ഫിലിം ഷൂട്ടിങ്ങ് & എഡിറ്റിങ്ങ്-ഐ ടി

ഭിന്നശേഷി വിദ്യാർത്ഥികളുടെ മോഡ്യൂൾ നിർമ്മാണം

ജനുവരി 26 ന് സ്ക്രിപ്റ്റ് അവതരണം- ഇംഗ്ലീഷ്

ഫെബ്രുവരി

മോട്ടിവേഷൻ ക്ലാസ്

ജനുവരി യിൽ നിർമ്മിച്ച ഫിലിം ഫെസ്റ്റിവൽ

കൈപുസ്തക നിർമ്മാണം - സയൻസ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

## ജി.എച്ച്. എസ്.എസ് കാരക്കുന്ന്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാശേഷി വികസനം | 1) അക്ഷരം ഉറപ്പിക്കൽ<br>2) പദ നിർമ്മാണം<br>3) വാക്യ നിർമമാണം<br>4) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് (ശ്രദ്ധ , നവപ്രഭ) | 2 മാസം (ജൂൺ - ജൂലൈ) | മലയാളം അധ്യാപകർ | |
| 2. എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്ക ുക. | 1) സ്കൂൾ ലൈബ്രറിയുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുക<br>2) വായനാക്കുറിപ്പ് തയ്യാറാക്കൽ<br>3) പതിപ്പ് തയ്യാറാക്കൽ<br>4) പത്രവായന<br>5) പുസ്തക ചർച്ച<br>6) വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ | 6 മാസം | വിദ്യാരംഗം ഇൻചാർജ് ,മലയാളം അധ്യാപകർ | |
| 3) സർഗ്ഗശേഷി | 1. പാഠഭാഗവുമായ ബന്ധപ്പെട്ട ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>2. പാഠഭാഗവുമായി | 6 മാസം | SRG അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ബന്ധപ്പെട്ട കൃ<br>തികളുടെ<br>ICT സാധ്യത<br>ഉപയോഗിച്ച്<br>സിനിമാ പ്രദർശനം<br>3. കവിതാലാപന<br>മത്സരം<br>4. സാഹിത്യ ക്വിസ്<br>സംഘടിപ്പിക്കൽ | | | |
| 4) വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | SRG അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ HS 2025- 26

## മേഖല- അക്കാദമികം

| ലക്ഷ്യം | | കാലയളവ് | പഠനോ!ാപകരണങ്ങൾ, | സാമ്പ<br>കം |
|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠ! തൽപരരാക്കുന്നു.<br><br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠ! മികവുകളും പരിമിതികളും മ!സ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠ! പ്രവർത്ത!ങ്ങളും പഠ! രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യ |
| വായ!ാവാരത്തോട് ബന്ധപ്പെടുത്തിയു ള്ള ക്ലാസ് തല പ്രവർത്ത!ം | രച! ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോക!ം പറയുന്നു. | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്ത!ങ്ങൾ | കുട്ടികൾ പുസ്തകാവലോക!ം തയ്യാറാക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ<br>ളെതറ്റുകൂ8◌ാളെത<br>പ്രക8◌ിപ്പിക്കാനും<br>സർഗാത്മക<br>രച!കൾ<br>വികസിപ്പിക്കാനുമുള്ള<br>അവസരം !ൽകൽ. | പ്രമേX◌ാത്തരി<br>മാഗസിൻ,കഥ, കവിത<br>ഉപ!◌്യാസം<br>എന്നിവക്കുള്ള<br>പരിശീല!◌ം, സൃഷ്ടി. | | | |
| സംസ്കൃത<br>ദി!◌ാചരണം<br>സ്കൂൾതല മത്സരങ്ങൾ | ഔപചാരിക ക്ലബ്ബ്<br>രൂപീകരണം<br>സംസ്കൃത<br>സമേbശം,ഒരു പ്രമുഖ<br>വ്യക്തിയുളെ8 | | | |

| | | | | | |
|---|---|---|---|---|---|
| !8ത്തി സബ്ജില്ലാ<br>ജില്ലാതലത്തിൽ<br>പളെfടുപ്പിക്കൽ.<br>സ്വാതന്ത്ര്യദി!◌ം | ക്ലാസ്, സംസ്കൃതം<br>പ്രാർത്ഥ!.വമേbമാതരാ<br>ലാപ!◌ം. | | | | |
| ഭാഷാപഠ!◌ം<br>കലാപരിചയം | കമേലാത്സവത്തി!◌ായി<br>സംസ്ഥാ! അധ്യാപകർ<br>കുട്ടികളെള കള്വെത്തി<br>കലാരൂപങ്ങൾ<br>പരിചയളെപ്പടുത്തി<br>പരിശീല!◌ം !ൽകുന്നു.<br>ഭാഷാ പ്രാധാ!◌്യം<br>കണക്കിളെലടുത്ത്<br>കഥ,സമസ്യ, സിദ്ധരൂപം<br>എന്നിങ്ങളെ! പ്രമേത്യകം<br>സജ്ജരാക്കുന്നു. | | ചിത്രങ്ങൾ,<br>വീഡിമേയാ. | | സബ്ജില്ലാ<br>ജില്ല<br>മത്സരാർത്ഥി<br>കൾക്ക്<br>സംസ്കൃത<br>അധ്യാപക<br>കൂട്ടായ്മ<br>സമ്മാ! ദാ!◌ം<br>!ൽകുന്നു. |
| സംഭാഷണ<br>ശിബിരം | പരീക്ഷാസംബന്ധമായി<br>കുട്ടികളുളെ8<br>ഭാഷാപ്രമേയാഗ<br>സാമർത്ഥ്യം<br>ളെമച്ചളെപ്പടുത്തുന്നതി!◌്.<br>എല്ലാ കുട്ടികളും<br>താല്പര്യമേത്താളെ8<br>പളെfടുക്കും. | | | | |

| | | | | | |
|---|---|---|---|---|---|
| പഠ!യാത്ര | പാഠഭാഗവുമായി ബന്ധളെപ്പട്ട എളെതf◌ിലും ഒരു സ്ഥലസbർശ!◌ം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രമേത്യക പരിശീല!◌ം. | രാമായണ പ്രമേX◌ാത്തരി,സംസ്കൃത പ്രമേX◌ാത്തരി, യുഎസ്എസ്, സംസ്കൃത മേr◌ാളർഷിപ്പ് പരീക്ഷ പരിശീല!◌ം. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മേമാഡൽ, മേമാഡൽ, എസ്എസ്എൽസി പരീക്ഷ പരിശീല!◌ം | | | | |

MASTER PLAN2025-26
ARABIC CLUB
GHSS KARAKKUNNU

| SL NO | ACTIVITIES | DATE | DUTY | REMARKS |
|---|---|---|---|---|
| 1 | **a) Arabic club formation and talent hour**<br>ക്ലബ്ബിൽ അംഗമായവരെ ഉൾപ്പെടുത്തി ക്ലബ് ഭാരവാഹികളെ തെരെഞ്ഞടുക്കുന്നു .കുട്ടികളുടെ മികവ് പ്രകടനം നടത്തുന്നു<br>**b)** ഭാഷയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനായി ടെസ്റ്റ് നടത്തുന്നു | **13-05-25**<br>**16-05-25** | **Arabic teachers** | |
| 2 | **ALIF TALENT TEST**<br>ജൂലൈ മാസത്തിൽ നടക്കുന്ന അലിഫ് **talent** ടെസ്റ്റ് നടത്തി സ്കൂൾ തല വിജയികളെ കണ്ടെത്തി തുടർ **talent** ടെസ്റ്റിന് തയ്യാറാക്കുന്നു | **8-06-25** | **Arabic teachers** | |
| **3-** | **വായന പ്രോത്സാഹിപ്പിക്കുക**<br>പാഠപുസ്തകങ്ങൾക്കു പുറമെ മറ്റു ലൈബ്രറി അറബിക് ബുക്ക്സ് വായനക്ക് പ്രോത്സാഹിപ്പിക്കുക | **All month** | **Arabic teachers** | |

| | | | | |
|---|---|---|---|---|
| **4** | **പ്രതിഭകളെ കണ്ടെത്തൽ**<br><br>അറബിക് കലോത്സവ മത്സരത്തിന് പ്രതിഭകളെ കണ്ടെത്തൽ പരിശീലനം നൽകൽ | **July<br>&<br>august** | **Arabic teachers** | |
| **5** | **അറബിക് ദിനാചരണം**<br><br>ഡിസംബർ 18 ഭാഷ ദിനാചാരണത്തോടുനുബന്ധിച്ച വിവിധ ഭാഷ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു (ക്വിസ് ,ഗാനാലാപനം ,പ്രസംഗം , **CALIGRAPHY** ----) | **december** | **Arabic teachers** | |
| **6** | **അറബിക് E മാഗസിൻ**<br><br>അറബിക് ക്ലബ് പ്രവർത്തങ്ങളുടെ സമാഹാരവും മറ്റു നല്ല പ്രവർത്തനങ്ങളും ഉൾപ്പെടുത്തി മാഗസിൻ നിർമ്മിക്കുന്നു | **JANUARY<br>&<br>FEBRUARY** | **Arabic teachers** | |

| അക്കാദമിക് മാസ്റ്റർ പ്ലാൻ - പ്രവർത്തന പദ്ധതി മാർഗ്ഗ രേഖ 2025 – 2026<br>ഉറുദു | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനം | പ്രവൻത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് |
| 1 | പഠോം ആഗേ ബഢേം<br>ഉർദു വായന | വായനാ മത്സരങ്ങൾ ,ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ , ഉർദു പത്രങ്ങൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | സബ്ജക്ട് കൗൺസിൽ | 1000/- |
| 2 | മേരേ അൽഫാസ്<br>കൈയ്യെഴുത്ത് | രചനാ ശേഷി വളർത്തൽ<br>ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയ്യെഴ ുത്ത് എന്നീ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും ,കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി<br>• കൈയ്യെഴുത്ത് മാസിക<br>• ചുമർ പത്ര നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | 6 മാസം | സബ്ജക്ട് കൗൺസിൽ | |
| 3 | ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കാൻ | പൊതുവായതും , ഉർദുവിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്ലാസ്സ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | ഉർദു ക്ലബ്ബ് | 500 |
| 4 | ഹം മിലേം സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി കഥ, കവിത, ഉപന്യാസ ക്യാമ്പുകൾ നടത്തുക .ഉർദു സാഹിത്യകാരന്മാരുടെ ക്യാമ്പുകൾ സംഘടിപ്പിക്കുക. | അദ്ധ്യയന വർഷം | ഉർദു ക്ലബ്ബ് | 2000 |

| | | | | | |
|---|---|---|---|---|---|
| **5** | ഹമാരി സബാൻ<br>ഉർദു ദിനം | ഇഖ്ബാൽ ടാലന്റ് മീറ്റ്<br>എന്റെ പതിപ്പ് | നവംബർ 9 | ഉർദു ക്ലബ്ബ് | 500 |
| **6** | ഖസാന – എ –<br>ഇൽമ്<br>പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ച് ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം - ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 |
| **7** | വായന ആസ്വാദനം | അമ്മയും കുഞ്ഞും വായന ആസ്വാദന കുറിപ്പ്, പുസ്തക ചർച്ച ക്വിസ്, മെഗാ ക്വിസ് | അദ്ധ്യയന വർഷം | ഉർദു ക്ലബ്ബ് | 200 |

**അക്കാദമിക പ്രവർത്തന പദ്ധതികൾ**

# 2025 – 2026 (ENGLISH)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. എല്ലാ ക്ലാസിലേക്കും ബേസ് ലൈൻ ടെസ്റ്റ് നടത്തുക.<br>2.എല്ലാ നിലവാരങ്ങളിലെയും കുട്ടികളെ കണ്ടെത്തുന്നു.<br>3.റെമിഡിയൽ ക്ലാസ് | June | ഇംഗ്ലീഷ് ടീച്ചർ | |
| To enhance the creativity of students | 1. English Club Inauguration<br>2. Basheer Day Observation<br>(Writing a review of any one of Vaikom Muhammed Basheer's works)<br>3. Tribute to APJ Abdul Kalam<br>(screening videos of selected speeches by Dr.APJ Abdul Kalam) | July | ഇംഗ്ലീഷ് ടീച്ചർ | |
| To improve language proficiency | ഇംഗ്ലീഷ് ഭാഷ നൈപുണി<br>വികസിപ്പിക്കാൻ class റൂമിൽ<br>ഓഡിയോ,വീഡിയോപ്രദർശനം. | August | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | സ്വാതന്ത്ര്യദിനത്തോട്<br>അനുബന്ധിച്ച് പ്രസംഗ മത്സരം<br><br>ഹിരോഷിമ ദിനത്തോട്<br>അനുബന്ധിച്ച് കൊളാഷ്<br>നിർമ്മാണം. | | | |
| To enhance presentation skills | അദ്ധ്യാപക ദിനത്തോട്<br>അനുബന്ധിച്ച് കുട്ടികളെ ക്ലാസ് എടുക്കുന്നതിനു വേണ്ടി തിരഞ്ഞെടുക്കുന്നു. | September | ഇംഗ്ലീഷ് ടീച്ചർ | |
| | റെമഡിയൽ ക്ലാസ്<br>ഗാന്ധി ജയന്തിയോട്<br>അനുബന്ധിച്ച് പ്രസംഗ മത്സരം | October | ഇംഗ്ലീഷ് ടീച്ചർ | |
| | Descriptive Writing Activity | November | ഇംഗ്ലീഷ് ടീച്ചർ | |
| To improve writing skills | ഇംഗ്ലീഷിലുള്ള<br>രചനാ ശിൽപ്പശാല (കവിത, കഥ) | December | ഇംഗ്ലീഷ് ടീച്ചർ | |
| To enhance technology assisted learning | റിപ്പബ്ലിക് ദിനത്തോട്<br>അനുബന്ധിച്ച് reels<br>നിർമ്മാണം | January | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | റെമഡിയൽ ക്ലാസ് | February | ഇംഗ്ലീഷ് ടീച്ചർ | |

# हिंदी

## अकादमिक मास्टर प्लान

## **2025-26**

## जि .एच. एस .एस .कारकुन्नु

# ACADEMIC MASTER PLAN – HINDI 2025-26

| MONTH | VIII | IX | X | दिनाचरण |
|---|---|---|---|---|
| जून<br><br>जुलाई | *ഹിന്ദി ഭാഷയോടുള്ള കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നു.<br>*കവിത താളലയത്തോടെ അവതരിപ്പിക്കാനും കവിതയുടെ ആശയം മനസ്സിലാക്കി അതിനെ ദൃശ്യാവിഷ്കാരം നൽകുന്നതിനും സഹായിക്കുന്നു.<br>*ഹിന്ദി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പഠന പിന്തുണ നൽകുന്നു<br>*വായനയിൽ കുട്ടിയുടെ നിലവാരം മനസ്സിലാക്കി ആവശ്യമായ പഠന പിന്തുണ | *ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.<br>*മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യതപ്രയോജനപ്പെടുത്തികുട്ടി കയുളുടെഭാഷാവൈഭവംവളർത്താനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br>*കഥയുടെ സന്ദർഭങ്ങളെ ശരിയായ ക്രമത്തിൽ മനസ്സിലാക്കുന്നതിനും ക്രമത്തിൽ എഴുതുന്നതിനുമുള്ള ശേഷി, കൃത്യമായ സൂചനകൾ നൽകുന്ന പോസ്റ്ററുകൾ തയ്യാറാക്കുക. സംഭാഷണങ്ങൾ തയ്യാറാക്കുക. | *കുട്ടിയുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br>*ഭാഷാവൈധഗ്ദ്യം വർദ്ധിപ്പിക്കാൻ ചിത്ര വായന നടത്തുന്നു.<br>*കഥ വായിച്ച് അതിൻറെ പ്രത്യേക സന്ദർഭത്തിൽ ഉപയോഗിക്കുന്ന വാക്കുകളുടെ അർത്ഥം പ്രയോഗം,വാക്യഘടന എന്നിവ മനസ്സിലാക്കാൻ | जून **5 -**<br>विश्व पर्यावरण दिवस<br>{पेड़ पौधों का वितरण।}<br>{पोस्टर तैयार करना}<br><br>जून **19**<br>वचन दिवस<br>{पोस्टर,वाचनप्रतियोगिता} |

| | | | | |
|---|---|---|---|---|
| अगस्त<br><br>सितंबर | നൽകുന്നു<br>*കഥയുടെ വീഡിയോദൃശ്യം കാണിച്ചും കഥവായിച്ചും ആശയം മനസ്സിലാക്കുവാനും കഥയിലെ സംഭവങ്ങളെ ക്രമമായി എഴുതാനുമുള്ള ശേഷി ഉണ്ടാക്കുന്നു. | *വായനയെ പരിപോഷിപ്പിക്കുന്നു. ആവശ്യമായ പഠന പിന്തുണ നൽകുന്നു. | പ്രാപ്തരാക്കുന്നു.<br>* സാമാന്യ ഭൂതകാൽ, പൂർണ ഭൂതകാൽ ക്രിയാരൂപങ്ങളെ പരിചയപ്പെടുത്തുന്നു.<br>*സ്വന്തം ചിന്തകൾ അന്യ ഭാഷയിൽ പ്രകടിപ്പിച്ചുകൊണ്ട് **ഡയറി** എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്തുന്നു. | जुलाई **31-** प्रेमचंद जयंती<br><br>{हिंदी कहानी रचना, |
| अक्तूबर<br><br>नवंबर | *കവിതയുടെ ആശയം സ്വന്തം വാക്യങ്ങളിൽ നിർമ്മിക്കുവാനുള്ളകഴിവുപപ്പെടുത്തുന്നു.<br>**ക്ലാസ് ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുന്നു.**<br>*സന്ദർഭത്തിന് അനുയോജ്യമായ पत्रलेखन,डायरी,बातचीतമുതല ായവ തയ്യാറാക്കുന്നതിനുള്ള | *ക്ലാസ് ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുന്നു<br><br>*ബ്ലർബ് അഥവാ ശാസ്തി ब्लर्ब/शस्ति തിരിച്ചറിയുന്നതിനും തയ്യാറാക്കുന്നതിനുള്ള ശേഷി ഉണ്ടാക്കുന്നു.<br>ഹൈക്കു സംരചന മനസ്സിലാക്കുന്നു. | ***ഹൈക്കു** കവിതയുടെ ആശയം മനസ്സിലാക്കി സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളിൽ ടിപ്പണി തയ്യാറാക്കുന്നു.<br>*यात्रावृत्तത്തിലൂടെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, പ്രാദേശിക ആചാരങ്ങൾ,സസ്യ | हिंदी कविता रचना<br><br>निबंध लेखन  हिंदी<br><br>आदि की प्रतियोगिता<br><br>चलाना।} |

| | | | | |
|---|---|---|---|---|
| | ശേഷി ഉണ്ടാക്കുന്നു.<br>*'कि'എന്ന യോജക ശബ്ദത്തിന്റെ പ്രയോഗം മനസ്സിലാക്കി മറ്റു വാക്യങ്ങളിൽ പ്രയോഗിക്കാൻ പരിശീലിക്കുന്നു. | *കഥാപാത്രങ്ങളും സവിശേഷത തിരിച്ചറിഞ്ഞ് ടിപ്പണി എഴുതുന്നു.<br>* സന്ദർഭോചിതമായ ഡയറി എഴുതുന്നതിനുള്ള ശേഷി ഉണ്ടാക്കുന്നു<br>*പ്ലാസ്റ്റിക് മുക്ത ഭൂമി എന്ന ആശയം കുട്ടികളിൽ എത്തിക്കുന്നു | ജന്തുജാലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക പദാവലികൾ പരിചയപ്പെടുന്നു.<br>*സന്ദർഭോചിതമായി സംഭാഷണങ്ങൾ തയ്യാറാക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. | अगस्त **15 -** स्वतंत्रतादिवस<br>पोस्टर,<br>स्वतंत्रता दिन भाषण। |
| तिसंबर | *വിശേഷണ പദങ്ങളെ തിരിച്ചറിയാനുള്ള കഴിവ്, സർവ്വനാമങ്ങൾ, പ്രത്യയങ്ങൾ പരസ്പരം ചേർക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് ഉചിതമായി പ്രയോഗിക്കാനുള്ള കഴിവ് രൂപപ്പെടുത്തുക.<br>*ചോദ്യ രൂപത്തിലുള്ള വാക്കുകളെ തിരിച്ചറിഞ്ഞ് ഉചിതമായ രീതിയിൽ അത് | *മഹൽ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്നു. ഫുട്ബോളിനെ കുറിച്ചുള്ള വിശേഷ പദപ്രയോഗങ്ങൾ തിരിച്ചറിയുന്നു.<br>*തിരക്കഥ (पटकथा)തയ്യാറാക്കുന്നു. കഥാപാത്രങ്ങൾ തമ്മിലുള്ളസംഭാഷണങ്ങൾ തയ്യാറാക്കുന്നതിനുശേഷി ഉണ്ടാക്കുന്നു . | *കവിത വായിച്ച് ആശയം മനസ്സിലാക്കുന്നു. കവിതയുടെ ഭാഷാശൈലി പ്രത്യേകതകൾ മനസ്സിലാക്കുന്നു .<br>*കവിത വായിച്ച് ആശയം സന്ദേശം സവിശേഷതകൾ മനസ്സിലാക്കി ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനുള്ള കഴിവ് | सितंबर **14 -** हिंदी दिवस<br>हिंदी प्रदर्शन<br>हिंदी भाषण<br>अक्तूबर **2 -** गाँधि जयंती |

| | | | | |
|---|---|---|---|---|
| जनवरी<br><br>फरवरी | പ്രയോഗിക്കാനുള്ള കഴിവ് രൂപപ്പെടുത്തുക<br>*റിപ്പോർട്ടിന്റെ ഭാഷ ,ശൈലി എന്നിവ മനസ്സിലാക്കി ഉചിതമായ സന്ദർഭങ്ങളിൽ റിപ്പോർട്ട് തയ്യാറാക്കാനുള്ള കഴിവ്വളർത്തുക<br>കവിത വായിച്ച് കവിതക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനുള്ള കഴിവ് രൂപപ്പെടുത്തുക.<br>*കുട്ടിയുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | *നാടകത്തിന് കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷകൾ ഉൾക്കൊള്ളുന്ന ടിപ്പണി എഴുതുന്നു.<br>*ഹിന്ദി എഴുതാനും വായിക്കാനും പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കൂടുതൽ പിന്തുണ നൽകുന്നു.<br>*ഐസിടി സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നു. | വർദ്ധിപ്പിക്കുന്നു.<br><br>*കഥ വായിച്ച് അതിലെ കഥാപാത്രങ്ങളുടെ സ്വഭാവം, സ്ഥലം ,സമയം ,സാഹചര്യം തുടങ്ങിയ പ്രധാന ഘടകങ്ങളെ തിരിച്ചറിയാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു<br>*ഏതെങ്കിലും ഒരു സന്ദർഭത്തിന്റെ कॉमिक स्ट्रिप തയ്യാറാക്കാൻ സഹായിക്കുന്നു. | जनवरी **26 -** गणतंत्र दिवस<br><br>पोस्टर,<br><br>भाषण। |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | ഉദ്ദേശ്യങ്ങൾ / പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല / ഏജൻസി | സാമ്പത്തികം |
|---|---|---|---|---|---|
| 1 | 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി പരിഹാര ബോധന പ്രക്രിയയ്ക്ക് നടപടി സ്വീകരിക്കൽ. | • A,B,C,D എന്നിങ്ങനെ ഒരേ ചോദ്യങ്ങൾ ഉൾപ്പെടുന്ന 4 വ്യത്യസ്ത ചോദ്യ പേപ്പർ നൽകി ക്ലാസ് പരീക്ഷ നടത്തി കിട്ടുന്ന മാർക്ക് പരിഗണിച്ച്. | ജൂൺ മൂന്നാം വാരത്തിലെ ആദ്യ ദിനം. | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | 500/- |
| 2 | പാഠ ഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ , സ്മാരകങ്ങൾ, സ്ഥലങ്ങൾ, നിർമ്മിതികൾ, തുടങ്ങിയവയെക്കുറിച്ച് ധാരണയുണ്ടാക്കൽ. | • സ്കൂൾ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ലൈബ്രറി<br>• സോഷ്യൽ സയൻസ് ലാബ്<br>• ക്ലാസിൽ സാമൂഹ്യ ശാസ്ത്ര കോർണർ.<br>• ഇന്റർനെറ്റ് വഴി സെർച്ച് ചെയ്ത് കണ്ടെത്താൻ അവസരം. | ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ , രക്ഷിതാക്കൾ, SSG, പൂർവ്വ വിദ്യാർത്ഥികൾ. | |
| 3 | സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ. | • സാമൂഹ്യ ശാസ്ത്ര പഠനോപകരണങ്ങൾ, വിവിധ തരം ചാർട്ടുകൾ, മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവയെല്ലാം പ്രദർശിപ്പിക്കൽ, പുതിയവ ഉൾപ്പെടുത്തൽ. | ദീർഘകാല അടിസ്ഥാനത്തിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ , രക്ഷിതാക്കൾ, SSG, പൂർവ്വ വിദ്യാർത്ഥികൾ. | 10,000/- |

| | | | | | |
|---|---|---|---|---|---|
| 4 | ചരിത്ര പ്രധാന ദിനങ്ങളെക്കുറിച്ചും ആഘോശങ്ങളെക്കുറിച്ചുമുള്ള ധാരണക്കുറവ് ലഘൂകരിക്കൽ. | • ദിനാചരണങ്ങൾ സംഘടിപ്പിക്കൽ.<br>• വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്ക ുക. | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ , സ്കൂൾ ഫണ്ട് | |
